5002

March 2014

(For Scheme I & Scheme II Candidates)

# Second Year Higher Secondary Examination

Part – II

മലയാളം

MALAYALAM

Maximum : 80 Scores

Time : 2½ Hours

Cool off time : 15 Minutes

**നിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ **15** മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും. ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതാനോ, മറ്റുള്ളവരുമായി ആശയ വിനിമയം നടത്താനോ പാടില്ല.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഒരു ചോദ്യനമ്പർ ഉത്തരമെഴുതാൻ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഉപചോദ്യങ്ങളും അതേ ചോദ്യ നമ്പരിൽ നിന്ന് തന്നെ തെരഞ്ഞെടുക്കേണ്ടതാണ്.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

വിശകലനക്കുറിപ്പ് തയ്യാറാക്കുക.

1. 'ദുരന്തങ്ങളെ ആഘോഷമാക്കുന്ന മാധ്യമസംസ്കാരമാണ് ഇന്ന് നിലനിൽക്കുന്നത്'. സമകാലിക മാധ്യമങ്ങളെ മുൻനിർത്തി മുകളിൽ കൊടുത്ത പ്രസ്താവനയുടെ സാധുത വിശകലനം ചെയ്യുക. 'കൊമാല' എന്ന കഥയിലെ ആശയം കൂടി പ്രയോജനപ്പെടുത്തണം. **(ഒന്നരപ്പുറം – സ്കോർ : 8)**

2. താരതമ്യം ചെയ്യുക.

   - ''എല്ലാ സുമവുമവന്റെയിച്ഛയ്ക്കൊത്തു
   മെല്ലെ വളർന്നു തൻ പൂർണ്ണതയിൽ
   ചെല്ലാനുഴറുകയാണഗ്ഗതിയാരും
   തല്ലി നിർത്താതെ സൂക്ഷിച്ചു കൊൾവിൻ.'' (കുമാരനാശാൻ – ദുരവസ്ഥ)

   - ''ഈ നമ്മളെല്ലാമൊരു തമ്പുരാന്റെ
   കീഴാളരാ,രാർക്കിഹ തമ്പുരാനാം ?'' (വള്ളത്തോൾ – ഒരു തോണി യാത്ര)

മുകളിൽ കൊടുത്ത കാവ്യഭാഗങ്ങളിലെ ആശയം താരതമ്യം ചെയ്യുക. സമത്വത്തെ ക്കുറിച്ചുള്ള നിങ്ങളുടെ സങ്കല്പം കൂടി വിശദമാക്കുക. **(ഒന്നരപ്പുറം – സ്കോർ : 8)**



P.T.O.

3. അർത്ഥതലം വിശകലനം ചെയ്യുക.

''പഴയ ഫോട്ടോഗ്രാഫുകളുടെ മഞ്ഞ നിറമുള്ള ഒരു ഓർമ്മയിൽ പി. ടി. മാഷ് ദൂരെ ഒരു കവുങ്ങും ചാരി നിൽക്കുന്നത് കണ്ണിന്റെ സീമകളിൽ പാട പറ്റിക്കിടക്കുമ്പോൾത്തന്നെ ഗീവർഗ്ഗീസ് കാലുയർത്തി അടിച്ചു. വിരിനെഞ്ചിൽ പന്തെടുത്ത് തലകൊണ്ടടിച്ചു. അടുത്ത അടി കാലുപൊക്കിയായിരുന്നു. പിന്നെയും പിന്നെയും .... പിന്നെ സ്ലോമോഷനിൽ ആ അടി ആവർത്തിച്ചു. നിലത്തു വീണ ജബ്ബാറിന്റെ മൂക്കിൽ നിന്ന് ചോര പടർന്നു.''

(ഹിഗ്വിറ്റ)

കഥാന്ത്യത്തിലെ ഈ വിവരണം നൽകുന്ന അർത്ഥതലങ്ങൾ എന്തെല്ലാം ? വിശദമാക്കുക. **(ഒരു പുറം – സ്കോർ : 6)**

4. പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

– തൊഴിൽരഹിതരുടെ എണ്ണം ദിനം പ്രതി വർദ്ധിക്കുന്ന സംസ്ഥാനമാണ് കേരളം.

– മലയാളിയുടെ തൊഴിൽ സങ്കല്പമാണ് തൊഴിലില്ലായ്മയ്ക്ക് കാരണം.

മുകളിൽ കൊടുത്തിട്ടുള്ള രണ്ടു പ്രസ്താവനകളും ചില വസ്തുതകൾ സൂചിപ്പിക്കുന്നുണ്ട്. ഈ വിഷയത്തിൽ നിങ്ങളുടെ കാഴ്ചപ്പാടെന്താണ് ? വിശദാംശങ്ങൾ ഉൾപ്പെടുത്തി പ്രതികരണക്കുറിപ്പ് തയ്യാറാക്കുക. **(ഒന്നരപ്പുറം – സ്കോർ : 8)**

5. തലക്കെട്ടിന്റെ അർത്ഥസാധ്യതകൾ വിശദമാക്കുക.

'കൊമാല' എന്ന തലക്കെട്ട് ആ കഥയ്ക്ക് നല്കുന്ന അർത്ഥസാധ്യതകൾ എന്തെല്ലാം ? വിശദമാക്കുക. **(അരപ്പുറം – സ്കോർ : 4)**

6. ആസ്വാദനം തയ്യാറാക്കുക.

താഴെ കൊടുത്തിട്ടുള്ള കവിത വായിച്ച് ആസ്വാദനം തയ്യാറാക്കുക.

**പൂതപ്പാട്ട് (ഭാഗം 2)**

നമ്മൾക്കുണ്ടോ വല്ല കൂട്ടവും !
വിളക്കുവെച്ചില്ല
സന്ധ്യാ നാമവും ഇല്ല
ഊണു കഴിഞ്ഞു
സീരിയലുകണ്ടു
സ്റ്റാർസിങ്ങറും കണ്ടു
എസ്. എം. എസും അയച്ചു
ആവൂ ! അയയ്ക്കാഞ്ഞാൽ പാപമാണ്
ഇനിയും വേഗം ഇയർഫോണെടുത്ത് ചെവിയിൽ വച്ച്
പാട്ടുംകേട്ട് കണ്ണടച്ചോളൂ
സ്വപ്നം കൂടി കാണില്യ- ആവൂ ! (കെ. ആർ. ടോണി)

**(ഒന്നരപ്പുറം – സ്കോർ : 8)**

7. രചനാന്തരങ്ങൾ എഴുതുക.

താഴെ കൊടുത്തിട്ടുള്ള വാക്യത്തിന് രണ്ട് രചനാന്തരങ്ങൾ എഴുതുക.

വാക്യം – ഇന്ത്യ ചൊവ്വയിലേക്ക് 'മംഗൾയാൻ' എന്ന ഉപഗ്രഹമയച്ചു. **(സ്കോർ : 4)**

8. നിരൂപണക്കുറിപ്പ് തയ്യാറാക്കുക.

വൃദ്ധനെ അഥവാ വാർദ്ധക്യത്തെക്കുറിച്ചുള്ള ചില നിരീക്ഷണങ്ങളാണ് താഴെ കൊടുക്കുന്നത്.

- മുന്നോട്ടു ചെല്ലുംതോറും വിജനമാകുന്ന വഴി
- അയാൾ അയാളുടെ തന്നെ എടുത്തുകളയാൻ വൈകിയ എച്ചിൽ
- മരണത്തിന്റെ റിക്രൂട്ടുമെന്റ് മുറിയിലെ അശാന്തമായ കാത്തിരിപ്പ്

ഈ നിരീക്ഷണങ്ങൾ നിരൂപണം ചെയ്ത് നിങ്ങളുടെ അഭിപ്രായം വിശദമാക്കുക.

**(ഒന്നരപ്പുറം – സ്കോർ : 8)**

9. വിശകലനക്കുറിപ്പ് തയ്യാറാക്കുക.

- ആരാണ് നല്ല മനുഷ്യൻ എന്ന അന്വേഷണത്തിന്റെ ഉത്തരമായിരുന്നു 'ബഷീർ ദ മാൻ' – എം. എ. റഹ്മാൻ.

സംവിധായകന്റെ പ്രസ്താവനയെ സാധൂകരിക്കുന്ന ഏതെങ്കിലും ഒരു സന്ദർഭം 'ബഷീർ ദ മാൻ' എന്ന സിനിമയിൽ നിന്ന് ചൂണ്ടിക്കാട്ടി വിശദീകരിക്കുക.

**(ഒരു പുറം – സ്കോർ : 6)**

10. ആമുഖ പ്രഭാഷണം തയ്യാറാക്കുക.

'പഥേർ പാഞ്ചാലി' എന്ന സിനിമ പ്രദർശിപ്പിക്കുന്നതിന് മുൻപായി സിനിമയെ പരിചയപ്പെടുത്തുന്ന പ്രഭാഷണക്കുറിപ്പ് തയ്യാറാക്കുക. താഴെ കൊടുക്കുന്ന സൂചനകൾ അവലംബമാക്കാം.

- സിനിമയുടെ പ്രമേയം
- കഥാപാത്ര സൂചനകൾ
- ദൃശ്യങ്ങളുടെ പ്രതീക സ്വഭാവം
- സംവിധാന മികവ്
- സിനിമയുടെ ഭാഗമായി പ്രവർത്തിച്ചവർ. **(ഒന്നരപ്പുറം – സ്കോർ : 8)**

11. ലഘു കുറിപ്പ് തയ്യാറാക്കുക.

'പരിസ്ഥിതിയും വികസനവും' എന്ന വിഷയത്തെക്കുറിച്ച് നടക്കുന്ന സെമിനാറിലേക്ക് പരിസ്ഥിതി സംരക്ഷണത്തിന്റെ അനിവാര്യത വ്യക്തമാക്കുന്ന രണ്ട് ആശയങ്ങൾ കുറിപ്പായി എഴുതുക. **(ഒരു പുറം – സ്കോർ : 6)**

12. കുറിപ്പ് തയ്യാറാക്കുക.

താഴെ കൊടുത്തിട്ടുള്ള സൂചനകൾ പ്രയോജനപ്പെടുത്തി പടയണിയെക്കുറിച്ച് മലയാളത്തിൽ കുറിപ്പ് തയ്യാറാക്കുക.

- Padayani, also called Padeni, is a traditional folk dance.
- Padayani is an art form that blends music, dance, theatre, satire, facial masks and paintings.
- It is an ancient ritual performed in Bhagavati temples.
- It is part of worship of Bhadrakali and is staged in temples dedicated to the goddess from mid-December to mid-May. **(അരപ്പുറം – സ്കോർ : 6)**